**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3606 — 10/04/2013-ൽ മറുപടിയ്ക്ക്

**സമഗ്ര നാളികേര വികസനപദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>,, എ. പി. അബ്ദുള്ളക്കുട്ടി<br>,, ആർ. സെൽവരാജ്<br>,, ഐ. സി. ബാലകൃഷ്ണൻ | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് സമഗ്ര നാളികേര വികസനപദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ, വിശദമാക്കുമോ; | എ) ഉണ്ട് |
| ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) 2013-14 വർഷത്തിൽ നാളികേര വികസനത്തിനായി പദ്ധതി രൂപീകരിച്ചിട്ടുണ്ട്. സംയോജിത നാളികേര വികസനത്തിനായി വിവിധ വികസന പരിപാടികൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. തെങ്ങിൻ തോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിള കൃഷി സമ്മിശ്ര കൃഷി എന്നിവ നടത്തി പരമാവധി ആദായം വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്, കേരളത്തിലെ തെരഞ്ഞെടുത്ത ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ക്ലസ്റ്റർ മുഖേന തെങ്ങിൻ തോട്ടങ്ങൾ പരിപാലിച്ചും ഇടവിള കൃഷി ഉൾപ്പെടുത്തിയും തെങ്ങിൽ നിന്നുള്ള ഉത്പാദനവും, ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക |

എന്നതാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. പ്രായമേറിയതും, ഉത്പാദനം ഇല്ലാത്തതുമായ തെങ്ങുകൾ മുറിച്ചുമാറ്റുന്നതിനും, ജലസേചന സൗകര്യം ഒരുക്കുന്നതിനും ഈ പദ്ധതിയിലൂടെ കഴിയും. 42 കോടി രൂപയാണ് തെങ്ങിൻ തോട്ടങ്ങളുടെ സമഗ്രപരിപാലനത്തിനായി 2013-14 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിട്ടുള്ളത്.

സി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

സി) & ഡി) പദ്ധതി നിർവ്വഹണം സംബന്ധിച്ച് പൂർണ്ണമായ നിർദ്ദേശങ്ങൾ ആയിട്ടില്ല.

സെക്ഷൻ ഓഫീസർ